## കാറ്റഗറി നമ്പർ : 615/2021

താഴെ പറയുന്ന തസ്തികയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു.

| | | | |
|---|---|---|---|
| 1. | വകുപ്പ് | : | വിദ്യാഭ്യാസം |
| 2. | ഉദ്യോഗപ്പേര് | : | പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) |
| 3. | ശമ്പളം | : | ₹ 18000–41500/– (PR) |
| 4. | ഒഴിവുകളുടെ എണ്ണം | : | ജില്ലാടിസ്ഥാനത്തിൽ<br>എറണാകുളം – 20 ( ഇരുപത് ) |

കുറിപ്പ്:

(i) അപേക്ഷകൾ കമ്മീഷന്റെ വെബ്സൈറ്റായ www.keralapsc.gov.in വഴി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. അല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

ii) ഈ വിജ്ഞാപനപ്രകാരം എറണാകുളം ജില്ലയ്ക്കായി ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ജില്ലയിലേക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി മൂന്ന് വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശുപാർശ ചെയ്യപ്പെടുന്നില്ലെങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കാവുന്നതാണ്.

iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971-ലെ ജി.ഒ. (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961-ലെ ജി.ഒ. (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലുമൊരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

iv) SSLC ബുക്കിലെ ജാതി/സമുദായം സംബന്ധിച്ച രേഖപ്പെടുത്തലുകളിൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ ഉദ്യോഗാർത്ഥികൾ ശരിയായ ജാതി/സമുദായം അപേക്ഷയിൽ അവകാശപ്പെടുകയും ആയത് തെളിയിക്കുന്നതിനുള്ള റവന്യൂ അധികാരികൾ നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, ഇത് സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം എന്നിവ ബന്ധപ്പെട്ട തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ OTR വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

v) ഈ തസ്തികയുടെ 4 % ഒഴിവുകൾ ചലന വൈകല്യം / സെറിബ്രൽ പാൾസി , ശ്രവണ വൈകല്യം, കാഴ്ച ശക്തി കുറഞ്ഞവർ, ഓട്ടിസം / മാനസിക വൈകല്യം / പഠന വൈകല്യം / ശ്രവണ വൈകല്യം, കാഴ്ച വൈകല്യം ഉൾപ്പെടെ മുകളിൽ പരാമർശിച്ച ഐഡന്റിഫൈഡ് കോംബിനേഷൻസിന്റെ സമ്മിശ്ര വൈകല്യം എന്നീ ഭിന്നശേഷി വിഭാഗക്കാർക്കായി 25.08.2020 ലെ G O ( P ) No .19/ 2020 / SJD സർക്കാർ ഉത്തരവ് പ്രകാരം നീക്കി വച്ചിരിക്കുന്നു.

5. നിയമന രീതി : നേരിട്ടുള്ള നിയമനം.

6. പ്രായപരിധി : 18-40. (ഉദ്യോഗാർത്ഥികൾ 02.01.1981-നും 01.01.2003-നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).പട്ടിക ജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർക്കും മറ്റു പിന്നാക്ക വിഭാഗത്തിൽപെട്ടവർക്കും ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുണ്ടായിരിക്കും.

<u>കുറിപ്പ് :-</u> യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ

വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2(i) ഒഴികെ) നോക്കുക.

**7. യോഗ്യതകൾ :-**

1) കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഹിന്ദി ഭാഷയിലുള്ള ബിരുദം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യ ഭാഷ (ഹിന്ദി) പഠനത്തിലുള്ള ഒരു ടൈറ്റിൽ.

അല്ലെങ്കിൽ

മദ്രാസിലെ ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ പ്രവീണം കൂടാതെ കേരളത്തിലെ പരീക്ഷ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം

അല്ലെങ്കിൽ

കേരള ഹിന്ദി പ്രചാരസഭയുടെ സാഹിത്യാചാര്യയും കൂടാതെ കേരളത്തിലെ പരീക്ഷ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം.

അല്ലെങ്കിൽ

ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ രാഷ്ട്രഭാഷ വിശാരദും കൂടാതെ കേരളത്തിലെ പരീക്ഷ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം

അല്ലെങ്കിൽ

കേരള ഹിന്ദി പ്രചാരസഭയുടെ ഹിന്ദി ഭൂഷൺ ' പരീക്ഷയും കൂടാതെ കേരളത്തിലെ പരീക്ഷ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം.

2) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെ-ടെറ്റ്) പാസ്സായിരിക്കണം.

**<u>എക്സംപ് ഷൻ</u>-** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/ എം.ഫിൽ/പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

കുറിപ്പ് 1. GO (P) No.15/2020/G.Edn dated 09/10/2020 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം KTET - ന് പകരം നിശ്ചയിച്ചിട്ടുള്ള MEd ബന്ധപ്പെട്ട വിഷയത്തിലാവണം എന്ന് നിർബന്ധമില്ല.

2. ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

3. വിജ്ഞാപനപ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

4. KS & SSR Part II Rule 10 a (ii) ഈ തസ്തികയ്ക്ക് ബാധകമാണ് .

**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :-**

(i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനകാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970-ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978-ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യൂ. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ് മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യൂ. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യൂ. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യൂ. തീയതി 27/05/1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ, വൺടൈം രജിസ്ട്രേഷൻ പ്രൊഫൈലിൽ "വെയിറ്റേജ് ആന്റ് പ്രിഫറൻസസ്" ലിങ്ക് വഴി ആയത് അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്.

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനകാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ. (എം.എസ്) നമ്പർ 122/75/ജനറൽ എഡ്യൂക്കേഷൻ തീയതി 27.05.1975)

<u>കുറിപ്പ് :-</u>

മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ "വെയിറ്റേജ് ആന്റ് പ്രിഫറൻസസ്" ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം

പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

**9. അപേക്ഷ സമർപ്പിക്കേണ്ട രീതി:**

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kerlapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile-ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ `Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31.12.2011-ന് ശേഷം എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് Upload ചെയ്ത ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ ' My applications' എന്ന Link - ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. **ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

**10.** അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി :- **19.01.2022** ബുധനാഴ്ച രാത്രി 12 മണി വരെ

11. അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം :- www.keralapsc.gov.in

12. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാ തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നല്കാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള Mobile Phone number-ലും നൽകുന്നതാണ്. വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് confirmation നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ KPSC Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്

(ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതു(ആറ് )വ്യവസ്ഥകൾ നിർബന്ധമായും വായിച്ചു നോക്കുക).

**സാജു ജോർജ്ജ്**

**സെക്രട്ടറി**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**